REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 02-04-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് രണ്ട് ദിവസത്തെ ഇടവേളയ്ക്കു ശേഷം നാമനിർദേശ പത്രികാ സമർപ്പണം പുനരാരംഭിച്ചു.
- രാജസ്ഥാനിലെ പൊഖ്റാൻ ഫീൽഡ് ഫയറിംഗ് റേഞ്ചിൽ ഇന്ത്യൻ വ്യോമസേനയുടെ ഏറ്റവും വലിയ അഭ്യാസമായ 'ഗഗൻ ശക്തി'ക്ക് തുടക്കമായി.
- സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ ഉത്തരവാദിത്വം LDF ഗവൺമെന്റിനാണെന്ന് പ്രതിപക്ഷ നേതാവ് V.D.സതീശൻ.
- സംസ്ഥാനത്ത് 12 ജില്ലകളിൽ താപനില ഉയരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്
- ഇന്ന് ലോക ഓട്ടിസം ബോധവൽക്കരണ ദിനം.
- IPL ക്രിക്കറ്റിൽ വൈകിട്ട് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് രണ്ട് ദിവസത്തെ ഇടവേളയ്ക്കു ശേഷം നാമനിർദേശ പത്രികാ സമർപ്പണം ഇന്ന് പുനരാരംഭിച്ചു.

LDF സ്ഥാനാർത്ഥികളായ പന്ന്യൻ രവീന്ദ്രൻ തിരുവനന്തപുരത്തും A വിജയ രാഘവൻ പാലക്കാട്ടും പത്രിക നൽകി. UDF,LDF,NDA മുന്നണികളിലെ ശേഷിക്കുന്ന

സ്ഥാനാർത്ഥികളും പ്രമുഖരും ഇന്നും നാളെയുമായി പത്രിക നൽകും. പത്രികാ സമർപ്പണം മറ്റന്നാൾ അവസാനിയ്ക്കും.

വെള്ളിയാഴ്ചയാണ് സൂക്ഷ്മ പരിശോധന. തിങ്കളാഴ്ച പത്രിക പിൻവലിക്കാൻ സമയപരിധി തീരുന്നതോടെ സംസ്ഥാനത്തെ 20 ലോക്സഭാ മണ്ഡലങ്ങളിലും മത്സരചിത്രം തെളിയും. കേരളമുൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങളിൽ അടുത്ത മാസം 26 നാണ് വോട്ടെടുപ്പ്. ജൂൺ നാലിന് വോട്ടെണ്ണും.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ ഒരു നിയോജക മണ്ഡലത്തിലെ അഞ്ച് വോട്ടിംഗ് മെഷീനിലെ വിവിപാറ്റ് മാത്രം എണ്ണുന്ന രീതി മാറ്റി മുഴുവൻ സ്ലിപ്പുകളും എണ്ണണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിൽ സുപ്രീം കോടതി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന് നോട്ടീസയച്ചു. അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ് സമർപ്പിച്ച ഹർജിയിൽ ജസ്റ്റിസുമാരായ B.R ഗവായ്, സന്ദീപ് മേത്ത എന്നിവരടങ്ങിയ ബെഞ്ചാണ് നോട്ടീസയച്ചത്.

✪✪✪

കോൺഗ്രസ് തെരഞ്ഞെടുപ്പ് പ്രകടന പത്രിക വെള്ളിയാഴ്ച്ച ഡൽഹിയിലെ AICC ആസ്ഥാനത്ത് പുറത്തിറക്കുമെന്ന് പാർട്ടി ജനറൽ സെക്രട്ടറി K.C വേണുഗോപാൽ അറിയിച്ചു. രാജ്യത്തെ ജനങ്ങളുമായി വിപുലമായ ചർച്ചകൾക്ക് ശേഷമാണ് പ്രകടന പത്രിക പുറത്തിറക്കുന്നതെന്ന് അദ്ദേഹം എക്സിൽ അറിയിച്ചു,

ശനിയാഴ്ച ജയ്പൂരിലും ഹൈദരാബാദിലും രണ്ട് മെഗാ റാലികൾ നടത്തി പ്രകടന പത്രിക പുറത്തിറക്കുമെന്നും വേണുഗോപാൽ പറഞ്ഞു.

ജയ്പൂരിൽ,പാർട്ടി പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെ, സോണിയ ഗാന്ധി, രാഹുൽ ഗാന്ധി എന്നിവർ മെഗാ റാലിയെ അഭിസംബോധന ചെയ്തു പ്രകടനപത്രിക പുറത്തിറക്കും. ഹൈദരാബാദിൽ നടക്കുന്ന മെഗാ റാലിയിൽ രാഹുൽ പങ്കെടുക്കും.

രാജ്യത്തിന് ക്ഷേമാധിഷ്ഠിതവും വികസന അനുകൂലവുമായ കാഴ്ചപ്പാട് നൽകുന്നതിൽ മാത്രമായിരുന്നു കോൺഗ്രസ്സിന്റെ ശ്രദ്ധ എന്നും അത് ഈ തിരഞ്ഞെടുപ്പിലും ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുമെന്നും വേണുഗോപാൽ അറിയിച്ചു.

✪✪✪

ലോക്സഭ തിരഞ്ഞെടുപ്പിൽ അർഹരായ വിഭാഗങ്ങൾക്ക് പോസ്റ്റൽ വോട്ടിനു അപേക്ഷ ഇന്ന് കൂടി നൽകാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. വോട്ടർ പട്ടികയിൽ പേരുള്ള മണ്ഡലത്തിലെ വരണാധികാരിക്കാണ് അപേക്ഷ നൽകേണ്ടത്. നിലവിൽ ജോലി ചെയ്യുന്ന ജില്ലയിലെ നോഡൽ ഓഫീസർമാർ വഴിയോ നേരിട്ടോ അപേക്ഷ സമർപ്പിക്കാം.

✪✪✪

ചാലക്കുടി ലോക്സഭാ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ പുരോഗമിക്കുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്........

............വോയ്സ്............

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ കേരളത്തിൽ UDF-നെ പിന്തുണയ്ക്കുന്ന പോപ്പുലർ ഫ്രണ്ട് നീക്കം അപകടകരമാണെന്ന് BJP സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ പറഞ്ഞു. ഇക്കാര്യത്തിൽ രാഹുൽ ഗാന്ധി നയം വ്യക്തമാക്കണമെന്നും കൽപ്പറ്റയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

രാജസ്ഥാനിലെ പൊഖ്റാൻ ഫീൽഡ് ഫയറിംഗ് റേഞ്ചിൽ ഇന്ത്യൻ വ്യോമസേനയുടെ ഏറ്റവും വലിയ അഭ്യാസമായ 'ഗഗൻ ശക്തി'ക്ക് തുടക്കമായി. ഈ മാസം 10 വരെ തുടരുന്ന അഭ്യാസത്തിൽ വ്യോമസേനയുടെ എല്ലാ പ്രധാന യുദ്ധവിമാനങ്ങളും ആധുനിക ഹെലികോപ്റ്ററുകളും പ്രഹരശേഷി പ്രകടിപ്പിക്കുന്നുണ്ട്.

ജയ്സാൽമീറിലെ പൊഖ്റാൻ ഫീൽഡ് ഫയറിംഗ് റേഞ്ച് ഉൾപ്പെടെ രാജ്യത്തെ വിവിധ സ്ഥലങ്ങളിലാണ് അഭ്യാസം നടക്കുന്നത്. തേജസ്, റഫേൽ, സുഖോയ് 30, ജാഗ്വാർ, ഗ്ലോബ്മാസ്റ്റർ, ചിനൂക്ക്, അപ്പാച്ചെ, പ്രചണ്ഡ തുടങ്ങി നിരവധി യുദ്ധവിമാനങ്ങളും ഹെലികോപ്റ്ററുകളും അഭ്യാസത്തിൽ പങ്കെടുക്കും.

✪✪✪

ED അറസ്റ്റിനെതിരെ മുഖ്യമന്ത്രി അരവിന്ദ് കെജ്-രിവാൾ സമർപ്പിച്ച ഹർജി ഡൽഹി ഹൈക്കോടതി നാളെ പരിഗണിക്കും. ജുഡീഷ്യൽ കസ്റ്റഡിയിലായ കെജ്-രിവാൾ തീഹാർ ജയിലിൽ കഴിയുകയാണ്.

✪✪✪

ഇന്ത്യയുടെ അവിഭാജ്യ ഘടകമായ അരുണാചൽ പ്രദേശിലെ സ്ഥലങ്ങളുടെ പേര് മാറ്റാൻ ചൈന കൈക്കൊണ്ട നടപടിയെ ഇന്ത്യ അപലപിച്ചു. ചൈന പേരുകൾ മാറ്റിയാലും യാഥാർത്ഥ്യം മാറ്റാൻ കഴിയില്ലെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ് -സ്വാൾ പറഞ്ഞു.

✪✪✪

സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ ഉത്തരവാദിത്വം LDF ഗവൺമെന്റിനാണെന്ന് പ്രതിപക്ഷ നേതാവ് V.D.സതീശൻ പറഞ്ഞു. ഗവൺമെന്റിന്റെ ദുർചെലവ്, അഴിമതി, നികുതി പിരിവിലെ അലംഭാവം, തുടങ്ങിയവയാണ് കേരളത്തെ കടക്കെണിയിലേക്ക് തള്ളിവിട്ടതെന്ന് അദ്ദേഹം തിരുവല്ലയിൽ ആരോപിച്ചു. സുപ്രീം കോടതിയിൽ നിന്ന് കടമെടുപ്പ് കേസിൽ ഗവൺമെന്റിന് തിരിച്ചടിയേറ്റത് പ്രതിപക്ഷത്തിന്റെ വിമർശനം മുഖവിലയ്ക്ക് എടുക്കാത്തത് കൊണ്ടുകൂടിയാണെന്നും അദ്ദേഹം വ്യക്തമാക്കി. വാറ്റിൽ നിന്ന് GST-യിലേക്ക് മാറിയപ്പോൾ സംസ്ഥാന ഗവൺമെന്റ് നികുതി ഘടന പുനഃസംഘടിപ്പിക്കാൻ തയ്യാറായില്ലെന്നും V.D. സതീശൻ പറഞ്ഞു.

കിഫ്ബി രൂപീകരിച്ചത് പുറമെ നിന്ന് കടമെടുക്കാനാണെന്നും ഇക്കാര്യത്തിൽ പ്രതിപക്ഷം വിമർശനം ഉന്നയിച്ചപ്പോൾ മുഖ്യമന്ത്രിയടക്കം പ്രതിപക്ഷത്തെ പരിഹസിക്കുകയായിരുന്നുവെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു.

✪✪✪

നവി മുംബൈയിലെ നവ ഭാരത് ഇൻഡസ്ട്രിയൽ കെമിക്കൽ കമ്പനിയിൽ വൻ തീപിടുത്തം. അഗ്നി രക്ഷാസേന തീ അണയ്ക്കാൻ ശ്രമം തുടരുകയാണ്.

✪✪✪

സംസ്ഥാനത്ത് ഇന്നും 12 ജില്ലകളിൽ താപനില ഉയരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പകൽസമയത്ത് പുറത്തിറങ്ങുന്നവർ ജാഗ്രത പാലിക്കണമെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

കൊല്ലം, പാലക്കാട് ജില്ലകളിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയർന്നേക്കും. തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ഉയർന്ന താപനില 36 ഡിഗ്രി സെൽഷ്യസ് വരെയാകാനിടയുണ്ട്.

അതേസമയം മധ്യ-വടക്കൻ കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ വേനൽ മഴ ലഭിയ്ക്കുമെന്നും മുന്നറിയിപ്പുണ്ട്. ഇക്കഴിഞ്ഞ ദിവസങ്ങളിലും കേരളത്തിൽ പലയിടങ്ങളിലും വേനൽ മഴ ലഭിച്ചിരുന്നു.

തീരമേഖലയിൽ ഇന്നും ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ട്. കള്ളക്കടൽ പ്രതിഭാസത്തെ തുടർന്ന് 1.16 മീറ്റർ വരെ ഉയരത്തിൽ വേഗമേറിയ തിരകൾക്ക് സാധ്യതയുള്ളതായി ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. അതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണം. തമിഴ്നാട് തീരത്തും ഉയർന്ന തിരമാലകൾക്ക് സാധ്യതയുണ്ട്.

✪✪✪

അടുത്ത രണ്ടര മാസങ്ങളിൽ രാജ്യത്ത് പലയിടത്തും കടുത്ത ഉഷ്ണതരംഗം ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് വിലയിരുത്തുന്നതായി കേന്ദ്രമന്ത്രി കിരൺ റിജിജു ഡൽഹിയിൽ അറിയിച്ചു. ലോക്സഭാ തെരഞ്ഞെടുപ്പ് കാലത്ത് ഇത് ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ സംസ്ഥാനങ്ങൾ ഉൾപ്പെടെ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തതായി അദ്ദേഹം പറഞ്ഞു. സാഹചര്യം നേരിടാൻ മുൻകൂട്ടി നടപടികൾ ആവിഷ്ക്കരിക്കണമെന്ന് അദ്ദേഹം ചർച്ചയിൽ നിർദ്ദേശം നൽകി.

✪✪✪

ഇന്ന് ലോക ഓട്ടിസം ബോധവൽക്കരണ ദിനം. ഓട്ടിസം ബാധിച്ച വ്യക്തികളെക്കുറിച്ച് അവബോധം വളർത്തുന്നതിന് നടപടികൾ സ്വീകരിക്കാൻ ഐക്യരാഷ്ട്രസഭയിലെ അംഗരാജ്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാണ് എല്ലാ വർഷവും ഏപ്രിൽ 2- ലോക ഓട്ടിസം ബോധവൽക്കരണ ദിനമായി ആചരിക്കുന്നത്.

**ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.**

**പാലക്കാട് ജില്ലയിലെ പ്രസിദ്ധമായ നെന്മാറ- വല്ലങ്ങി വേല ഇന്ന് ആഘോഷിക്കുന്നു.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.........**

**............വോയ്സ്............**

**IPL ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. ബെംഗളൂരുവിലെ M.ചിന്നസ്വാമി സ്റ്റേഡിയത്തിൽ വൈകിട്ട് 7.30 നാണ് മത്സരം.**

**ISL ഫൂട്ബോളിൽ ഇന്ന് ഒഡീഷ FC പഞ്ചാബ് FC യെ നേരിടും. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.**

**വിനോദ സഞ്ചാരികളുടെ ഇഷ്ട കേന്ദ്രമായ ഇരവികുളം ദേശീയോദ്യാനം വീണ്ടും തുറന്നു. വിനോദ സഞ്ചാരികളുടെ തിരക്ക് ഇനിയും വർധിക്കുമെന്നാണ് പ്രതീക്ഷ.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണൻ.**

.........വോയ്സ്...........

✪✪✪

ശബരിമലയിൽ മേടമാസ പൂജയോടനുബന്ധിച്ച് ദർശനം ബുക്ക് ചെയ്യുന്നതിനായി വിർച്വൽ-ക്യൂ പോർട്ടൽ വൈകിട്ട് പ്രവർത്തന സജ്ജമാകും. www.sabarimalaonline.org എന്ന വെബ്സൈറ്റ് വഴിയാണ് വെർച്വൽ - ക്യൂ ബുക്കിങ്ങ് .

✪✪✪

സ്വർണ വില കുറഞ്ഞു. ഗ്രാമിന് 25 രൂപ കുറഞ്ഞ് 6,335 രൂപയായി. പവന് 50,680 രൂപയാണ് ഇന്നത്തെ വില.

✪✪✪

മുതലപ്പൊഴിയിൽ വീണ്ടും വള്ളം മറിഞ്ഞ് അപകടം. ശക്തമായ തിരയെത്തുടർന്നാണ് വള്ളം മറിഞ്ഞത്. വള്ളം മറിഞ്ഞതിനെ തുടർന്ന് കടലിൽ വീണ മൂന്ന് മത്സ്യത്തൊഴിലാളികൾ നീന്തിക്കയറി. മത്സ്യബന്ധനം കഴിഞ്ഞ് മടങ്ങുകയായിരുന്ന വള്ളമാണ് മറിഞ്ഞത്.

✪✪✪